## പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 152** **27.02.2017-ൽ മറുപടിക്ക്**

| കൊച്ചി-വൈപ്പിൻ അഴിമുഖത്തുണ്ടായ ബോട്ട് ദുരന്തം | | | |
|---|---|---|---|
| ചോദ്യം<br><br>ശ്രീ. ജോൺ ഫെർണാണ്ടസ് | | മറുപടി<br><br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | 2015 ആഗസ്റ്റ് മാസത്തിൽ ഫോർട്ട് കൊച്ചി-വൈപ്പിൻ അഴിമുഖത്തുണ്ടായ ബോട്ട് ദുരന്തത്തെ സംബന്ധിച്ച് സൗത്ത് സോൺ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് തുറമുഖ വകുപ്പ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | (ബി) | ഫോർട്ട് കൊച്ചി ബോട്ട് ദുരന്തം സംബന്ധിച്ച് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ തുറമുഖ വകുപ്പ് ഡയറക്ടറുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി 16-06-2016-ൽ തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗതീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ബോട്ട് ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും ഗുരുതരമായി പരിക്കുപറ്റി കിടപ്പിലായവരുടെ കുടുംബാംഗങ്ങൾക്കും ജോലി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന പാക്കേജ് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കൊച്ചി-വൈപ്പിൻ ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് (11 കുടുംബങ്ങൾക്ക്) 5 ലക്ഷം രൂപ വീതവും, ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞ 10 പേർക്ക് ഒരു ലക്ഷം രൂപാ വീതവും ആകെ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 65,00,000/- (അറുപത്തഞ്ച് ലക്ഷം രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകിയിട്ടുള്ളതാണ്. കൂടാതെ പരിക്കേറ്റവർക്ക് വിവിധ ആശുപത്രികളിൽ സൗജന്യ ചികിത്സയും നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ